**തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം**

**(ഹാജർ :Seeram Sambasiva Rao IAS)**

സംഗ്രഹം

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ്– ജീവനക്കാര്യം - ക്ലീൻസിറ്റി മാനേജർ തസ്തികയിലേക്ക് സ്ഥാനകയറ്റം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ് നമ്പർ .LSGD/PD/52365/2023-DEA5തീയതി:16-01-2025

പരാമർശം: 1) 27.10.2022 തീയതിയിലെ സ.ഉ(പി) 74/2022/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്

2) 15.03.2024 തീയതിയിലെ സ.ഉ(സാധ) 608/2024/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്

3) 20.12.2023 തീയതിയിലെ ഈ ഓഫീസിലെ LSGD/PD/20660/2023-GEA4 നമ്പർ ഉത്തരവ്.

4) 16.03.2024 തീയതിയിലെ ഈ ഓഫീസിലെ ഇതേ നമ്പർ ഉത്തരവ്.

**ഉത്തരവ്**

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിലെ Subordinate Service Special Rule-ലെ Rule 12-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം മുൻ മുൻസിപ്പൽ കോമൺ സർവ്വീസിൽ Clean City Manager (Municipality/Corporation) തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകളിൽ സ്ഥാനക്കയറ്റം നൽകുന്നതുമായി ബന്ധപ്പെട്ട് പരാമർശം (2) പ്രകാരം ഡി പി സി നടപടി ക്രമത്തിൽ ഇളവ് അനുവദിച്ചുകൊണ്ട് പ്രൊമോഷൻ നടത്തുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവായിട്ടുള്ളതാണ്.

1994-ലെ Kerala Municipality Act പ്രകാരം Municipal Common Service-ൽ ഉൾപ്പെട്ടിരുന്ന ജീവനക്കാർ സർക്കാർ ജീവനക്കാർ ആയിരുന്നില്ല. അവരെ പ്രത്യേക വിഭാഗമായാണ് കണക്കാക്കിയിരുന്നത്. മുനിസിപ്പൽ ആക്ടിന്റെ ഭേദഗതി നിലവിൽ വന്നതോടെയും Local Self Government Department State Service, 2022 ചട്ടങ്ങൾ നിലവിൽ വന്നതോടെയും മുൻ മുനിസിപ്പൽ കോമൺ സർവ്വീസിലെ Health Supervisor തസ്തിക Clean City Manager (Municipality/Corporation) തസ്തികയായി മാറിയിട്ടുണ്ട്.

Clean City Manager തസ്തിക തദ്ദേശ സ്വയം ഭരണ സംസ്ഥാന സർവ്വീസ് വിശേഷാൽ ചട്ടങ്ങളിൽ ഉൾപ്പെട്ട സാഹചര്യത്തിൽ പ്രസ്തുത തസ്തികയിലേക്കുള്ള നിയമനത്തിന് KS&SSR ഭാഗം II, ചട്ടം 28(b)(i)-ലെ വ്യവസ്ഥകൾ പ്രകാരം, ഡി പി സി കൂടി സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതുൾപ്പെടെയുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതുണ്ട്. പ്രസ്തുത ചട്ടത്തിന് താഴെയുള്ള Sub clause (4) പ്രകാരം മെറിറ്റ് വിലയിരുത്തേണ്ടത് CR-ന്റെ അടിസ്ഥാനത്തിലായിരിക്കണമെന്നും ആയതിലേക്ക് കുറഞ്ഞത് 3

വർഷത്തെ CR കൾ ഡി പി സി ക്ക് ലഭ്യമാക്കേണ്ടതാണെന്നും വ്യവസ്ഥചെയ്യുന്നു. മുനിസിപ്പൽ കോമൺ സർവ്വീസിൽ പ്രസ്തുത തസ്തികയിലേക്ക് ഡി പി സി ചേരുകയോ സെലക്ട് ലിസ്റ്റ് തയ്യാറാക്കുയോ ചെയ്തിരുന്നില്ല എന്നും Confidential Report ലഭ്യമല്ലാത്തതാണെന്നുമുള്ള നിരീക്ഷണങ്ങൾ കണക്കിലെടുത്ത് Clean City Manager തസ്തികയിലേക്ക് പ്രൊമോഷന് പൊതു ചട്ടങ്ങൾ പ്രകാരവും വിശേഷാൽ ചട്ടങ്ങൾ പ്രകാരമുള്ള മറ്റു നിബന്ധനകൾ പാലിച്ചുകൊണ്ടും പരമാവധി 3 വർഷ കാലയളവിലേക്ക് (2023 മുതലുള്ള കലണ്ടർ വർഷം) ഡി പി സി നടപടി ക്രമത്തിൽ ഇളവ് അനുവദിച്ച്കൊണ്ട് പ്രൊമോഷൻ നടത്തുന്നതിന് അനുമതി നൽകി പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

മേൽ പരാമർശം (2) ഉത്തരവിന്റെ അടിസ്ഥാനത്തിൽ മുൻ മുനിസിപ്പൽ കോമൺ സർവ്വീസിലെ ജീവനക്കാരും നിലവിൽ തദ്ദേശസ്വയംഭരണ വകുപ്പിൽ Senior Public Health Inspector Grade I തസ്തികയിൽ ജോലി ചെയ്യുന്നവരുമായ അർഹരായ ജീവനക്കാർക്ക് ക്ലീൻ സിറ്റി മാനേജർ തസ്തികയിൽ വിരമിക്കൽ/ഡെപ്യൂട്ടേഷൻ മൂലമുണ്ടായ ഒഴിവുകളിലേക്ക് സ്ഥാനക്കയറ്റം നൽകേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ പരാമർശം (1), (2) ഉത്തരവുകളുടെ അടിസ്ഥാനത്തിൽ മുൻ മുനിസിപ്പൽ കോമൺ സർവ്വീസിലെ ജീവനക്കാരും നിലവിൽ തദ്ദേശസ്വയംഭരണ വകുപ്പിൽ Senior Public Health Inspector Grade I തസ്തികയിൽ ജോലിചെയ്യുന്നവരും ടി തസ്തികയിൽ പ്രൊബേഷൻ പൂർത്തീകരിച്ചവരും (മുൻ മുനിസിപ്പൽ കോമൺ സർവ്വീസിലെ Health Inspector Grade I തസ്തിക) പരാമർശം (3) പ്രകാരമുള്ള സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെട്ടവരും അച്ചടക്ക നടപടിയോ വിജിലൻസ് കേസോ നിലവിലില്ലാത്തതുമായ ചുവടെ പറയുന്ന ജീവനക്കാർക്ക് പരാമർശം (1) വിശേഷാൽ ചട്ടത്തിന്റെയും പരാമർശം (2) ഉത്തരവിന്റെയും അടിസ്ഥാനത്തിൽ ഡി പി സി സെലക്ഷൻ പ്രോസസ്സ് ഒഴിവാക്കി പരാമർശം (3) പ്രകാരമുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റിലെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ക്ലീൻ സിറ്റി മാനേജർ തസ്തികയിലേക്ക് 51400-110300 രൂപ ശമ്പള സ്കെയിലിൽ സ്ഥാനക്കയറ്റം നൽകി അവരുടെ പേരിനു നേരെയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | സീനിയോറിറ്റി നമ്പർ | പേര്, ഔദ്യോഗിക പദവി, നിലവിലെ ഓഫീസ് | സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന ഓഫീസ് |
|---|---|---|---|
| 1 | 3 | അശോക് കെ സി (G50679)<br>സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1<br>തിരുവനന്തപുരം നഗരസഭ | ഷൊർണ്ണൂർ നഗരസഭ |
| 2 | 6 | ജോൺ ദേവസ്യ (G50465)<br>സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1<br>പെരുമ്പാവൂർ നഗരസഭ | കൊടുങ്ങല്ലൂർ നഗരസഭ |
| 3 | 77 | മണിപ്രസാദ് പി (G53289)<br>സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1<br>കാഞ്ഞങ്ങാട് നഗരസഭ | പാലക്കാട് നഗരസഭ |

| | | | |
|---|---|---|---|
| 4 | 81 | അബ്ദുറഹിം പി ടി (G53741)<br>സീനിയർ പബ്ലിക് ഹെൽത്ത്<br>ഇൻസ്പെക്ടർ ഗ്രേഡ്-1<br>മുക്കം നഗരസഭ | ചിറ്റൂർ-തത്തമംഗലം<br>നഗരസഭ |
| 5 | 82 | ജിതേഷ്കുമാർ കെ വി (G49780)<br>സീനിയർ പബ്ലിക് ഹെൽത്ത്<br>ഇൻസ്പെക്ടർ ഗ്രേഡ്-1,<br>കണ്ണൂർ നഗരസഭ | വടക്കാഞ്ചേരി നഗരസഭ |

ബന്ധപ്പെട്ട ജില്ലാ ജോയിന്റ് ഡയറക്ടർമാരും അതാത് ഓഫീസ് മേധാവികളും ഈ ഉത്തരവ് ഉടനടി പ്രാബല്യത്തിൽ വരുത്തേണ്ടതും വിടുതൽ, സേവനത്തിൽ പ്രവേശിക്കൽ എന്നിവ സമയബന്ധിതമായി ഈ കാര്യാലയത്തിലും ബന്ധപ്പെട്ട മറ്റ് ഓഫീസുകളിലും അറിയിക്കേണ്ടതുമാണ്.

Seeram Sambasiva Rao IAS
PRINCIPAL DIRECTOR

പകർപ്പ് :
1. ബന്ധപ്പെട്ട വ്യക്തികൾക്ക് (ബന്ധപ്പെട്ട ജില്ലാ ജോയിന്റ് ഡയറക്ടർ മുഖാന്തിരം)
2. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർമാർക്ക്
3. ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറിമാർക്ക് (ബന്ധപ്പെട്ട ജില്ലാ ജോയിന്റ് ഡയറക്ടർ മുഖാന്തിരം)
4. സൂപ്രണ്ട് DED സെക്ഷൻ, വിവരാവകാശ നിയമം 2005 പ്രകാരം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
5. സീനിയർ സൂപ്രണ്ട് GEA സെക്ഷൻ

കരുതൽ ഫയൽ / ഓഫീസ് കോപ്പി

Signed by
Dinesan Cheruvat
Date: 16-01-2025 21:57:05